(ഡി) അതു നോക്കി വരുന്നുണ്ടെങ്കിൽ ഇപ്പോൾ ടി കോടതികളിൽ ടി തസ്തികകളിൽ നിയമിച്ചിട്ടുള്ളവർ ടി പരീക്ഷ പാസ്സായിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അവരെ സ്റ്റാൻറിംഗ് ഓർഡർ 8-ാം വകുപ്പനുസരിച്ചു ഒഴിവാക്കീട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അങ്ങിനെ ഒഴിവാക്കപ്പെട്ട ഗവൺമെണ്ടുത്തരവു കൾ മേശപ്പുറത്തു വെക്കാമോ;

(ജി) ടി പരീക്ഷാവിജയ സംഗതിയെപ്പറ്റി നോക്കിവരുന്നില്ലെങ്കിൽ അതിനു് കാരണമെന്താണു്;

(എച്ച്) മേലിലെങ്കിലും ടി രൂൾ അനുസരിച്ചു നിയമനം നടത്തുവാൻ ഒരുവുണ്ടാക്കുമോ?

മിസ്റ്റർ കെ. അച്യുതമേനോൻ:

(എ) കൊച്ചി ഹൈക്കോടതിയും അഞ്ചിക്കയ്മൾ, തൃശ്ശിവപേരൂർ സെഷൻ കോടതികളും കൊച്ചി രാജ്യത്തിലെ ക്രിമിനൽ കോടതിയുടെ നിർദ്ദേശത്തിൽ പെടും. അഞ്ചിക്കയ്മൾ, തൃശ്ശിവപേരൂർ ജില്ലാക്കോടതികളും ഇതിൽ പെടുകയില്ല.

(ബി) & (സി) ഒന്നാം ചോദ്യത്തിന്റെ ഉത്തരത്തിൽ പറയുന്ന ക്രിമിനൽ കോടതികൾക്കു മാത്രമായിട്ടു ചോദ്യങ്ങളിൽ പറയുംപ്രകാരമുള്ള തസ്തികകളും ഇല്ല. അതിനാൽ ക്രിമിനൽ ജൂഡ്ഷ്യൽ ടെസ്റ്റ് ടി തസ്തികകൾക്കു ആവശ്യമായി കരുതിവരുന്നില്ല.

(ഡി), (ഇ), (എഫ്), (ജി), (എച്ച്) } മേൽ ഉത്തരം അനുസരിച്ചു ഈ ചോദ്യങ്ങൾക്കു ഉത്തരം ആവശ്യമില്ല.

മിസ്റ്റർ വി. കെ. ഭാസ്കരമേനോൻ: കൊച്ചി ഹൈക്കോടതി ഒരു ക്രിമിനൽ കോടതിയാണെന്നു് ഗവൺമെണ്ടിനു സംശയമുണ്ടോ?

Mr. K. Achyuta Menon *(Secretary to Government):* We have stated that it is a criminal court.

NAMBUDIRI ACT—APPLICATIONS FOR SECOND AND THIRD MARRIAGES

213. മിസ്റ്റർ സി. കുഞ്ഞൻ നമ്പൂതിരിപ്പാടു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടിൽനിന്നും ഒരുവുചെയ്തു മറുപടി പറയാമോ—

(എ) കൊച്ചി നമ്പൂതിരി ആക്ടിലെ 6-ാം വകുപ്പനുസരിച്ചു് എത്ര നമ്പൂതിരി കൊച്ചിയിലുള്ള ഏതെല്ലാം കോടതികളിൽ രണ്ടാമതോ, മൂന്നാമതോ ആയി വിവാഹം കഴിപ്പാൻ ഹർജികൾ ബോധിപ്പിച്ചിട്ടുണ്ടു്;

(ബി) അതെല്ലാം, ഏതെല്ലാം കോടതിയിൽ;

LIBRARY ARCHIVES Kerala Legislative Assembly

(സി) തീരുമാനം കഴിഞ്ഞിട്ടുള്ള ഹർജികൾ എത്ര;

(ഡി) അതുകളിലെ തീരുമാനസ്വഭാവം എന്താണ്?

മിസ്റ്റർ കെ. അച്യുതമേനോൻ:

(എ) ഒരു നമ്പൂതിരി രണ്ടാം വിവാഹത്തിനായി തൃശ്ശിവപേരൂർ ഡിസ്ട്രിക്ട് കോടതിയിൽ ഒരു ഹർജി ബോധിപ്പിച്ചിട്ടുണ്ട്.

(ബി) മഴവന്നൂർ മനക്കൽ ശ്രീകുമാരൻ നമ്പൂതിരി മകൻ ശ്രീകുമാരൻ നമ്പൂതിരി, പൊവ്വന്നൂർ ദേശം, കണ്ടോണശ്ശേരി വില്ലേജ്, തലപ്പിള്ളി താലൂക്ക്, തൃശ്ശിവപേരൂർ ഡിസ്ട്രിക്ട് കോടതിയിൽ.

(സി) ഒന്ന്.

(ഡി) അനുവദിച്ചു.

മിസ്റ്റർ സി. വി. ഐയ്യു: പൊവ്വന്നൂർ എന്നു പറഞ്ഞിട്ടുള്ളതു ശരിയല്ല. പൊവ്വല്ലൂർ ദേശം ആണ്.

മിസ്റ്റർ സി. കുഞ്ഞൻ നമ്പൂതിരിപ്പാട്: നമ്പൂതിരി ആകുന്നസരിച്ച് രണ്ടാം വിവാഹം കഴിക്കുവാൻ ചില നിബന്ധനകളെല്ലാം വെച്ചിട്ടുണ്ട്. അതെല്ലാം പാലിച്ചിട്ടാണോ വിവാഹം നടത്തിട്ടുള്ളതു?

മിസ്റ്റർ കെ. അച്യുതമേനോൻ: ആരു പാലിച്ചിട്ടുണ്ടോ എന്നാണ് ചോദിക്കുന്നതു?

മിസ്റ്റർ സി. കുഞ്ഞൻ നമ്പൂതിരിപ്പാട്: കോടതിയിൽനിന്ന് അതു നിവ്വഹിച്ചിട്ടുണ്ടോ എന്നാണ്?

മിസ്റ്റർ കെ. അച്യുതമേനോൻ: തീർച്ചയായിട്ടും നിവ്വഹിച്ചിട്ടുണ്ടായിരിക്കണം.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ആദ്യത്തെ ഭാര്യയുടെ ഒരു അനുവാദം വാങ്ങീട്ടുവേണം വിവാഹം നടത്തുവാൻ എന്നുണ്ട്. അതു വാങ്ങിച്ചിട്ടുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ: നിയമപ്രകാരം ഉണ്ടെങ്കിൽ അതു വാങ്ങിച്ചിട്ടുണ്ടാകും.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ആദ്യത്തെ ഭാര്യയിൽനിന്നുള്ള അനുമതിയായിട്ട വല്ല അഫിഡവിറും മേടിച്ചു കൊണ്ടുവന്നിട്ടുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ: നിയമപ്രകാരം നടത്തിട്ടുണ്ടെന്നാണ് താമെൻറിന്റെ ബോദ്ധ്യം. നടത്തിട്ടില്ലെങ്കിൽ അതു പറഞ്ഞാൽ കൊള്ളാം.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: രേഖാമൂലം അനുമതിവാങ്ങിയോ അല്ലെങ്കിൽ ആളെ അയച്ചു സമ്മതം വാങ്ങിയോ?

മിസ്റ്റർ സി. കുഞ്ഞൻ നമ്പൂതിരിപ്പാട്: ആദ്യത്തെ ഭാര്യയുടെ അനുവാദം വാങ്ങിച്ചിരിക്കണമെന്നുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ: അതിനൊക്കെ വകുപ്പുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly